2023
OCTOBER
17
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ഗാസ; മരണം 2800, പരിക്കേറ്റവർ 10,000



**ഗാസ സിറ്റി:** ഹമാസ് ഭീകരർ നടത്തിയ ആക്രമണത്തിനു തിരിച്ചടിച്ച ഇസ്രയേലിന്റെ വ്യോമാക്രമണവും ഉപരോധവും കടുത്തതോടെ ഗാസ വൻ മനുഷ്യദുരന്തത്തിന്റെ മുനമ്പിൽ. വ്യോമാക്രമണത്തിൽ തകർന്ന കോൺക്രീറ്റ് അവശിഷ്ടങ്ങൾക്കടിയിൽ ആയിരത്തിലേറെപ്പേർ കുടുങ്ങിക്കിടക്കുന്നു. യുദ്ധം തുടരുന്നതിനാൽ രക്ഷാപ്രവർത്തനം ദുഷ്കരമാണ്.

ഗാസയിലെ ഇസ്രയേലിന്റെ ആക്രമണത്തിൽ ഇതുവരെ 2808 പേർ കൊല്ലപ്പെട്ടതായി ഹമാസ് ഭീകരർ അറിയിച്ചു. നാലിലൊന്നും കുട്ടികളാണ്. 10,000 പേർക്കു പരുക്കേറ്റു. മിനിറ്റിൽ ഒരാൾ വീതം പരുക്കുകളോടെ ഗാസയിലെ ആശുപത്രികളിൽ എത്തുകയാണെന്നും അടിയന്തര സഹായമെത്തിയില്ലെങ്കിൽ വൻ ദുരന്തമുണ്ടാകുമെന്നും ലോകാരോഗ്യസംഘടന മുന്നറിയിപ്പു നൽകി. ഗാസ ഒഴിയാൻ മടിക്കുന്നവരും ആശുപത്രികളിൽ അഭയം തേടുന്നത് സ്ഥിതി കൂടുതൽ ആശങ്കാജനകമാക്കുന്നു. ജനറേറ്ററുകളും മറ്റും പ്രവർത്തിപ്പിക്കാൻ ശേഷിക്കുന്നത് 24 മണിക്കൂർ നേരത്തേക്കുള്ള ഇന്ധനം മാത്രം.

ഹമാസ് ഭീകരരെ ഇല്ലായ്മ ചെയ്യേണ്ടതാണെങ്കിലും പലസ്തീൻ നിലനിൽക്കണമെന്നു യുഎസ് പ്രസിഡന്റ് ജോ ബൈഡൻ അഭിപ്രായപ്പെട്ടു. ഗാസ പിടിച്ചെടുക്കാൻ ഇസ്രയേൽ ശ്രമിക്കരുതെന്ന് അദ്ദേഹം പറഞ്ഞു.

ഹമാസ് ഭീകരരുടെ പിടിയിലുള്ള 199 ബന്ദികളെ വിട്ടുകിട്ടാൻ അനുരഞ്ജന ചർച്ചകൾക്കു തയാറല്ലെന്ന് ഇസ്രയേൽ വ്യക്തമാക്കി. ഉപാധികളൊന്നുമില്ലാതെ ബന്ദികളെ സുരക്ഷിതരായി വിട്ടയയ്ക്കണം. ബന്ദിമോചന ചർച്ചയിൽ മധ്യസ്ഥത വഹിക്കാൻ ഖത്തർ ശ്രമം നടത്തുന്നതായാണു വിവരം. യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ചർച്ച നടത്തിയതായി ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു അറിയിച്ചു.

വ്യോമാക്രമണം നിർത്തിയാൽ ബന്ദികളെ വിട്ടയയ്ക്കാമെന്നു ഹമാസ് ഭീകരർ അറിയിച്ചതായി ഇറാൻ വിദേശകാര്യ വക്താവ് നാസർ കനാനി അവകാശപ്പെട്ടു. ഹമാസ് നേരിട്ട് ഇത്തരത്തിൽ പ്രഖ്യാപിച്ചിട്ടില്ല. ബന്ദികളെ വിട്ടയയ്ക്കാൻ ഹമാസ് ഭീകരരോടും ഗാസയിൽ മാനുഷിക സഹായം ഉറപ്പാക്കാൻ ഇസ്രയേലിനോടും യുഎൻ ആഹ്വാനം ചെയ്തു.

ഇസ്രയേൽ കരയുദ്ധം ആരംഭിച്ചാൽ ഇടപെടുമെന്ന് ഇറാൻ മുന്നറിയിപ്പു നൽകിയതോടെ സംഘർഷം കൂടുതൽ വ്യാപിക്കുമെന്ന ആശങ്കയുയർന്നു. ഇസ്രയേലിനെ ആക്രമിച്ചാൽ കനത്ത തിരിച്ചടി നേരിടേണ്ടിവരുമെന്ന് ഇറാനും ഹിസ്ബുല്ലയ്ക്കും പ്രധാനമന്ത്രി നെതന്യാഹു മുന്നറിയിപ്പു നൽകി.



## തേയിലത്തോട്ടം മേഖലയ്ക്കും പ്രതിസന്ധി

**കൊച്ചി:** ഉത്പാദന ചെലവിലെ ഗണ്യമായ വർധനയും വിപണിയിലെ അനിശ്ചിതത്വവും കാരണം രാജ്യത്തെ തേയിലത്തോട്ടം മേഖല കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. ഉത്പാദന ചെലവിന് ആനുപാതികമായ വിപണി വില ലഭിക്കാത്തതിനാൽ തേയില കൃഷി വ്യാപകമായ പ്രമുഖ സംസ്ഥാനങ്ങളിലെല്ലാം വലിയ കോർപ്പറേറ്റ് ഗ്രൂപ്പുകൾ ഉൾപ്പെടെ തോട്ടങ്ങൾ പരിപാലിക്കാതെ ഉപേക്ഷിക്കുകയാണ്.

രാജ്യത്തെ മുൻനിര തേയില ഉത്പാദന മേഖലയായ ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ കർഷകർ മറ്റ് വിളകളിലേക്ക് മാറുകയാണ്. രാജ്യാന്തര വിപണിയിൽ മത്സരം രൂക്ഷമായതോടെ കയറ്റുമതി രംഗത്തും ഇന്ത്യൻ തേയിലയ്ക്ക് വെല്ലുവിളി ഏറുകയാണ്. രണ്ടു വർഷക്കാലയളവിൽ നാണയപ്പെരുപ്പം നേരിടാൻ റിസർവ് ബാങ്ക് പലിശ നിരക്ക് കുത്തനെ വർധിപ്പിച്ചതോടെ വായ്പകളുടെ പ്രതിമാസ തിരിച്ചടവുകൾ പോലും മുടങ്ങുന്ന തരത്തിലുള്ള ധനകാര്യ പ്രതിസന്ധികളിലൂടെയാണ് രാജ്യത്തെ 60% തേയില തോട്ടമുടമകളും നീങ്ങുന്നതെന്ന് ഈ രംഗത്തുള്ളവർ പറയുന്നു.

കഴിഞ്ഞ പത്ത് വർഷത്തിനിടെ ആഭ്യന്തര വിപണിയിൽ തേയില വിലയിൽ പ്രതിവർഷം ശരാശരി നാലു ശതമാനം വർധനയാണുണ്ടായതെന്ന് ഇന്ത്യൻ ടീ ട്രേഡ് അസോസിയേഷൻറെ പുതിയ പഠന റിപ്പോർട്ടിൽ പറയുന്നു. അതേസമയം തൊഴിലാളികളുടെ വേതനം, ഇന്ധന ചെലവ്, വളങ്ങൾ, കീടനാശിനികൾ, കൈകാര്യ ചെലവ് എന്നിവയിൽ 40 മുതൽ 50% വരെ വർധനയാണുണ്ടായതെന്നും തേയില തോട്ടമുടമകൾ ചൂണ്ടിക്കാട്ടുന്നു.

ഇതോടൊപ്പം അസം, കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെറുകിട, ഇടത്തരം തോട്ടങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ പതിറ്റാണ്ടിൽ വൻ വർധനയുണ്ടായതിനാൽ തേയില ഉത്പാദനത്തിലും വലിയ വളർച്ചയുണ്ടായെന്ന് വ്യാപാരികൾ പറയുന്നു. അതിനാൽ വിപണിയിലെത്തുന്ന തേയില പൂർണമായും ശേഖരിക്കാൻ വിപണന കമ്പനികൾക്ക് പരിമിതിയുണ്ട്.

## ഗഗൻയാൻ: ആദ്യ പരീക്ഷണം 21ന്

**ബംഗളൂരു:** ബഹിരാകാശത്തേക്കു മനുഷ്യനെ എത്തിക്കാനുള്ള ഇന്ത്യയുടെ ദൗത്യം 'ഗഗൻയാൻറെ' ആദ്യ പേടക പരീക്ഷണം 21ന്. രാവിലെ ഏഴിനും ഒമ്പതിനും ഇടയിൽ ശ്രീഹരിക്കോട്ടയിലാകും പേടകത്തിൻറെയും യാത്രികരുടെ സുരക്ഷ ഉറപ്പാക്കാനുള്ള ക്രൂ എസ്കേപ് സംവിധാനത്തിൻറെയും (സിഇഎസ്) പരീക്ഷണം.



മൂന്നു പരീക്ഷണ വിക്ഷേപണത്തിനും ആളില്ലാ വിക്ഷേപണത്തിനും ശേഷമായിരിക്കും മനുഷ്യദൗത്യമെന്ന് ഇസ്രോ ചെയർമാൻ എസ്. സോമനാഥ് അറിയിച്ചു.ഭൂമിയിൽ നിന്നു 400 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിൽ മനുഷ്യനെ എത്തിച്ചശേഷം സുരക്ഷിതമായി ഇന്ത്യയിലെ കടലിൽ ഇറക്കാനുള്ള ഇസ്രോയുടെ പദ്ധതിയാണു ഗഗൻയാൻ. ടെസ്റ്റ് വെഹിക്കിൾ ഡെവലപ്മെൻറ് ഫ്ലൈറ്റ് അഥവാ ടിവിഡി1 എന്ന പരീക്ഷണത്തിൽ ആളില്ലാ ക്രൂ മൊഡ്യൂൾ (സിഎം) ബഹിരാകാശത്തു പോയശേഷം ഭൂമിയിലേക്കു മടങ്ങും. ബംഗാൾ ഉൾക്കടലിൽ തിരിച്ചിറങ്ങുന്ന പേടകത്തെ നാവികസേന തിരികെ കരയിലെത്തിക്കും. സിഎം, സിഇഎസ് എന്നിവയ്ക്കൊപ്പം അവയുടെ അതിവേഗത്തിൽ പ്രവർത്തിക്കുന്ന ഖര മോട്ടോറുകൾ, സിഎം ഫെയറിങ്, ഇൻറർസ്പെയ്സ് അഡാപ്റ്റർ എന്നിവയുടെയും കൂടി പരീക്ഷണമാണ് 21ന് നടക്കുന്നതെന്ന് ഇസ്രോ.



# കൊച്ചി വാട്ടർ മെട്രോ ; യാത്രക്കാരുടെ എണ്ണം 10 ലക്ഷം കടന്നു

## നേട്ടം കൈവരിച്ചത് സർവ്വീസ് ആരംഭിച്ച് 6 മാസത്തിനകം

**കൊച്ചി:** കേരളത്തിന്റെ ജലഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റം കൊണ്ടുവന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ കൊച്ചി വാട്ടർ മെട്രോ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ്. സർവീസ് തുടങ്ങി 6 മാസം പൂർത്തിയാകുന്നതിനു മുൻപ് തന്നെ കൊച്ചി വാട്ടർ മെട്രോയിൽ സഞ്ചരിച്ച യാത്രക്കാരുടെ എണ്ണം ഇന്ന് പത്ത് ലക്ഷം എന്ന നാഴികക്കല്ലിലേക്ക് എത്തിയിരിക്കുന്നു. മലപ്പുറം മഞ്ചേരി സ്വദേശി സൻഹ ഫാത്തിമയാണ് പത്ത് ലക്ഷം തികച്ച യാത്രക്കാരി. ആറാം ക്ലാസ് വിദ്യാർത്ഥിയാണ് സൻഹ. കുടുംബത്തോടൊപ്പം ഹൈ കോർട്ട് ജംഗ്ഷൻ ടെർമിനലിൽ നിന്ന് വൈപ്പിൻ വാട്ടർ മെട്രോ ടെർമിനലിലേക്ക് യാത്ര ചെയ്യാൻ എത്തിയപ്പോഴാണ് 10 ലക്ഷം എന്ന ഭാഗ്യ നമ്പറിൽ യാത്ര ചെയ്യുന്നത് താനാണെന്ന് മനസ്സിലാക്കിയത്.



കെഎംആർഎൽ ഡയറക്ടർ ഫിനാൻസ് ശ്രീമതി എസ്.അന്നപൂരണി, കൊച്ചി വാട്ടർ മെട്രോ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സാജൻ പി ജോൺ എന്നിവർ ചേർന്ന് സൻഹയ്ക്ക് ഉപഹാരം നൽകി. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിച്ച കൊച്ചി വാട്ടർ മെട്രോ പ്രവർത്തനം ആരംഭിച്ചിട്ട് ഒക്ടോബർ 26ന് ആറ് മാസം പൂർത്തിയാകും. ഈ ചുരുങ്ങിയ കാലയളവിൽ 10 ലക്ഷം പേർ ഈ സേവനം ഉപയോഗിച്ച് യാത്ര ചെയ്തത് വാട്ടർ മെട്രോ ജനഹൃദയങ്ങളിൽ ഇടം പിടിച്ചതിന് തെളിവാണ്. 12 ബോട്ടുകളുമായി ഹൈക്കോർട്ട് ജംഗ്ഷൻ വൈപ്പിൻബോൽഗാട്ടി ടെർമിനലുകളിൽ നിന്നും വൈറ്റില കാക്കനാട് ടെർമിനലുകളിൽ നിന്നുമാണ് നിലവിൽ സർവ്വീസ് ഉള്ളത്.

ഹൈക്കോർട്ട് ജംഗ്ഷനിൽ നിന്ന് സൗത്ത് ചിറ്റൂരിലേക്കുള്ള സർവ്വീസ് ആണ് അടുത്തതായി ആരംഭിക്കുക. ഇതിനായുള്ള സജ്ജീകരണങ്ങൾ അവസാന ഘട്ടത്തിലാണ്. ഫോർട്ട് കൊച്ചി, മുളവുകാട് നോർത്ത്, വില്ലിംഗ്ടൺ ഐലൻഡ്, കുമ്പളം, കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെയും നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. പ്രധാന ടെർമിനലുകളിൽ ഒന്നായ ഫോർട്ട് കൊച്ചി ടെർമിനലിന്റെ നിർമ്മാണം ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. മട്ടാഞ്ചേരി ടെർമിനലിന്റെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. പൊതുഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റം കൊണ്ടുവരുന്ന വാട്ടർ മെട്രോയുടെ ഇലക്ട്രിക്ഹൈബ്രിഡ് ബോട്ടുകൾ ഇതിനകം അന്താരാഷ്ട്ര തലത്തിലും ശ്രദ്ധ നേടിക്കഴിഞ്ഞു. ഇലക്ട്രിക് ബോട്ടുകൾക്കായുള്ള രാജ്യാന്തര പുരസ്കാരമായ ഗുസീസ് ഇലക്ട്രിക് ബോട്ട്സ് അവാർഡിൽ പൊതുഗതാഗത ബോട്ടുകളുടെ വിഭാഗത്തിൽ കൊച്ചി വാട്ടർ മെട്രോ ബോട്ട് പുരസ്കാരം നേടിയിരുന്നു. ഇക്കണോമിക് ടൈംസ് ഏർപ്പെടുത്തിയ 2023ലെ എനർജി ലീഡർഷിപ്പ് അവാർഡിലും മാരിടൈം മേഖലയിലെ ഷിപ്ടെക് പുരസ്കാരത്തിലും ഇൻറർനാഷണൽ പ്രൊജക്റ്റ് മാനേജ്മെൻറ് അസോസിയേഷൻ ഏർപ്പെടുത്തിയ അവാർഡിലും തിളങ്ങാൻ കൊച്ചി വാട്ടർ മെട്രോയ്ക്ക് സാധിച്ചു.ഭിന്നശേഷിസൗഹൃദമായാണ് ടെർമിനലുകളും ബോട്ടുകളും സജ്ജീകരിച്ചിരിക്കുന്നത്.

വീൽചെയറിൽ വരുന്ന വ്യക്തിക്ക് പരസഹായമില്ലാതെ ബോട്ടിൽ പ്രവേശിക്കാം. വേലിയേറ്റ വേലിയിറക്ക സമയങ്ങളിലും ബോട്ടുമായി ഒരേ ലെവലിൽ നിൽക്കാനുതകുന്ന ഫ്ളോട്ടിംഗ് പോണ്ടൂണുകൾ കൊച്ചി വാട്ടർ മെട്രോയുടെ പ്രത്യേകതയാണ്. യാതൊരു തരത്തിലുള്ള മലിനീകരണത്തിനും ഇടവരാത്ത രീതിയിലാണ് വാട്ടർ മെട്രോയുടെ പ്രവർത്തനം. തുച്ഛമായ തുകയിൽ സുരക്ഷിതമായ യാത്രയാണ് കൊച്ചി വാട്ടർ മെട്രോയുടെ ശീതികരിച്ച ബോട്ടുകളിൽ പൊതുജനങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. ബോട്ട് യാത്രക്കായുള്ള മിനിമം ടിക്കറ്റ് നിരക്ക് 20 രൂപയാണ്. സ്ഥിരം യാത്രികർക്കായി പ്രതിവാര പ്രതിമാസ പാസ്സുകളും ഉണ്ട്. കൊച്ചി വൺ കാർഡ് ഉപയോഗിച്ച് കൊച്ചി മെട്രോ റെയിലിലും കൊച്ചി വാട്ടർ മെട്രോയിലും യാത്ര ചെയ്യാനാകും.

കൊച്ചിയിലെ ദ്വീപുകളെ വികസനത്തിന്റെ പാതയിലേക്ക് നയിക്കുന്ന ഈ പദ്ധതി ലോക ടൂറിസം ഭൂപടത്തിൽ കൊച്ചിയ്ക്ക് മറ്റൊരു തിലകക്കുറി കൂടി നൽകി. ലോകത്തിൽ ഏറ്റവും കൂടുതൽ ഇലക്ട്രിക്ക് ബോട്ടുകളുടെ ഫ്ളീറ്റ് കൊച്ചി വാട്ടർ മെട്രോയ്ക്കാണ്. പദ്ധതി പൂർത്തിയാകുമ്പോൾ പത്ത് ദ്വീപുകളിലായി 38 ടെർമിനലുകൾ ബന്ധിപ്പിച്ച് 78 വാട്ടർ മെട്രോ ബോട്ടുകൾ സർവ്വീസ് നടത്തും.

# മലയാള സർവ്വകലാശാലയും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും കൈകോർക്കും

**തൃശ്ശൂർ:** മലയാളത്തെ വിജ്ഞാനഭാഷയായി വികസിപ്പിക്കാനും നവവിജ്ഞാന സമൂഹ സൃഷ്ടിയിൽ വിദ്യാഭ്യാസ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയും സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടും ധാരണപത്രത്തിൽ ഒപ്പുവെച്ചുവെന്ന് മന്ത്രി ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു. സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടും മലയാള സർവ്വകലാശാലയും ചേർന്നുള്ള അക്കാദമിക് പ്രവർത്തനങ്ങൾക്കാണ് ഇതുവഴി തുടക്കമായിരിക്കുന്നത്.

വിജ്ഞാനം മാതൃഭാഷയിൽ കേരളീയർക്ക് ലഭ്യമാക്കാനും ഉണ്ടാകുന്ന വൈജ്ഞാനികസാമൂഹ്യമുന്നേറ്റങ്ങൾ ജനങ്ങളിൽ എത്തിക്കാനും പ്രവർത്തിക്കുന്ന സ്ഥാപനമാണ് സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്. മാതൃഭാഷയിലൂടെ അക്കാദമിക് പ്രവർത്തനങ്ങൾ നിറവേറ്റുന്നതിന് നേതൃത്വം നൽകാൻ ആരംഭിച്ചതാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല. ഇവ രണ്ടും ചേർന്ന് കേരളത്തിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന വിധം വിവിധ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനാണ് ധാരണപത്രം ബിന്ദു പറഞ്ഞു. വിജ്ഞാനത്തിന്റെയും മനുഷ്യവിഭവശേഷിയുടെയും കൈമാറ്റം, വിദ്യാർത്ഥികൾക്കു വേണ്ട പഠനസാമഗ്രികളുടെ പ്രസിദ്ധീകരണം, അക്കാദമിക് പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കൽ, വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടും മലയാള സർവ്വകലാശാലയും സഹകരിച്ച പ്രവർത്തിക്കുക.

വൈജ്ഞാനിക മേഖലയിലെ പുതിയ അറിവുകൾ പരസ്പരം കൈമാറുക, അക്കാദമിക രചനയുടെ നൂതന മാതൃകകൾ വികസിപ്പിക്കുക, വൈജ്ഞാനിക മേഖലയിൽ കാലാനുസൃതമായ പാഠ്യപദ്ധതി വികസിപ്പിക്കുക, ഹ്രസ്വകാല കോഴ്സുകൾ നടത്തുക, വൈജ്ഞാനിക സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുകയും അതിനുള്ള പശ്ചാത്തല സൗകര്യം പങ്കുവഹിക്കുകയും ചെയ്യുക, ഇൻസ്റ്റിറ്റ്യൂട്ട്

ലൈബ്രറിയെ യൂണിവേഴ്സിറ്റി റഫറൻസ് ലൈബ്രറിയായി പരിഗണിക്കുക. ഇരു സ്ഥാപനങ്ങളുടെയും മനുഷ്യവിഭവശേഷി പരസ്പരം കൈമാറുക, സംയുക്തമായി പ്രസിദ്ധീകരണങ്ങൾ ഏറ്റെടുത്തു നിർവ്വഹിക്കുക. ആവശ്യം വരുന്ന പുതിയ പദ്ധതികൾ ഏറ്റെടുക്കുക എന്നിവയിലാണ് തമ്മിൽ സഹകരിക്കാൻ ധാരണാപത്രം ഒപ്പുവെച്ചത്.

മലയാളഭാഷയും സാഹിത്യവും പഠിപ്പിക്കൽ മാത്രമല്ല, എല്ലാ വിജ്ഞാനവും മലയാള ഭാഷയിലൂടെ കൈകാര്യം ചെയ്യാനുള്ള അവസ്ഥ സൃഷ്ടിക്കുകയാണ് മലയാള സർവ്വകലാശാല സ്ഥാപിച്ചതിലെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടുമായുണ്ടാക്കുന്ന ധാരണപത്രം വലിയ അളവിൽ സഹായിക്കും.

ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതും മലയാളഭാഷയിലാണ്. എന്നാൽ, ആവശ്യമായ വൈജ്ഞാനിക കൃതികൾ മലയാള ഭാഷയിൽ ലഭ്യമല്ലാത്തതാണ് മലയാള സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ നേരിടുന്ന ഏറ്റവും വലിയ പരിമിതി. അത് മറികടക്കുകയാണ് ധാരണപ്രശ്നം കൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്.



# നെല്ല് സംഭരണം ഇനി മുതൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി

**പാലക്കാട്:** ജില്ലയിൽ നെല്ല് സംഭരണം പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നടത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി, തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ സഹകരണസംഘം പ്രസിഡന്റ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി യോഗം ചേർന്നു. സംഭരിക്കുന്ന നെല്ലിന്റെ 68 ശതമാനത്തിൽ കുറയാതെ നെല്ല് അരിയാക്കി സർക്കാരിന് തിരികെ നൽകണമെന്നാണ് ഹൈക്കോടതി നിർദേശം. ഇത് പാലിക്കേണ്ടതുണ്ടെന്ന് സഹകരണ സംഘം പ്രതിനിധികളോട് മന്ത്രിമാർ പറഞ്ഞു. കർഷകർക്ക് നെല്ല് സംഭരണതുക ഉടൻ നൽകണമെന്നതാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി, എം.ബി രാജേഷ് എന്നിവർ പറഞ്ഞു. 17 ശതമാനത്തിന് മുകളിൽ ഈർപ്പമുള്ള നെല്ലിന്റെ സംഭരണം സംബന്ധിച്ച് സഹകരണ സംഘങ്ങൾ മില്ലുകളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. സംഭരിച്ച നെല്ലിന്റെ തുക പി.ആർ.എസ് റെസിപ്റ്റിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ കർഷകർക്ക് നൽകും. എത്ര കർഷകരിൽ നിന്ന് എത്ര നെല്ല് സംഭരിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ സംഘങ്ങൾ സർക്കാരിന് നൽകുന്ന മുറയ്ക്ക് ഒരു മാസത്തിനകം സഹകരണ സംഘങ്ങൾക് തുക കൈമാറുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ സന്നദ്ധരാണെന്നത് സംബന്ധിച്ച റിപ്പോർട്ട് ആറ് ദിവസത്തിനകം ജില്ലാ കലക്ടർക്ക് നൽകാൻ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് മന്ത്രിമാർ നിർദേശം നൽകി. നെല്ല് അരിയാക്കാൻ സൗകര്യമില്ലാത്ത സഹകരണ സംഘങ്ങൾക്ക് മറ്റ് സംഘങ്ങളുമായി കൺസോർഷ്യം രൂപീകരിച്ച് പ്രതിവിധി കണ്ടെത്താം. അരിയാക്കാൻ പറ്റാത്ത സഹകരണ സംഘങ്ങളുള്ള മേഖലകളിലെ നെല്ല് സപ്ലൈക്കോ നേരിട്ട് സംഭരിക്കും. ഗോഡൗൺ സൗകര്യം ഉറപ്പാക്കുക, സഹകരണ സംഘങ്ങൾക്ക് ബാധ്യതയുണ്ടാതെ നെല്ലെടുക്കാൻ സൗകര്യമുണ്ടാക്കുക, ചണച്ചാക്കുകൾ ലഭ്യമാക്കുക, പ്ലാസ്റ്റിക് ചാക്കിന് പകരം ചണച്ചാക്ക് ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ സഹകരണസംഘം പ്രതിനിധികൾ യോഗത്തിൽ ഉന്നയിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 18 ന് സർക്കാർ തീരുമാനമുണ്ടാകുമെന്നും മന്ത്രിമാർ പറഞ്ഞു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ കലക്ടർ ഡോ. എസ്. ചിത്ര, എ.ഡി.എം കെ. മണികണ്ഠൻ, സപ്ലൈകോ ആർ.എം, പാഡി മാർക്കറ്റിങ് ഓഫീസർമാർ, സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ, ജില്ലാ സപ്ലൈ ഓഫീസർ വി.കെ ശശിധരൻ, വിവിധ സഹകരണ സംഘം പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പച്ചത്തേങ്ങ സംഭരണ കേന്ദ്രം തുടങ്ങും: മന്ത്രി പി. പ്രസാദ്

**പുൽപ്പള്ളി:** മുള്ളൻകൊല്ലിയിൽ പച്ചത്തേങ്ങ സംഭരണ കേന്ദ്രം തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൃഷി മന്ത്രി പി. പ്രസാദ്. മുള്ളൻകൊല്ലി പഞ്ചായത്തിൻറെയും കൃഷിഭവൻറെയും നേതൃത്വത്തിൽ പാടിച്ചിറയിൽ നടത്തിയ സംസ്ഥാന കർഷക അവാർഡ് ജേതാക്കളെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി.




കർഷകരെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് സമൂഹത്തിൻറെ ഉത്തരവാദിത്തമാണ്. വയനാട്ടിലെത്തിയ സംസ്ഥാന കർഷക അവോർഡ് നേട്ടം വയനാടിൻറെ കാർഷിക മേഖലയ്ക്ക് ലഭിച്ച ആദരവാണ്.

നിലവിൽ മുള്ളൻകൊല്ലി അടക്കമുള്ള ജില്ലയിലെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പഠിക്കാൻ കൃഷി അഡി. ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

കാർഷിക സർവകലാശാലയിലെ അധ്യാപകർക്കും ജില്ലയിലെ കർഷകർക്കും പരസ്പരം ആശയവിനിമയം നടത്താൻ സഹായിക്കുന്ന പ്രതിമാസ ആശയ വിനിമയ പരിപാടി സംഘടിപ്പിക്കണം. കാർബൺ ന്യൂട്രൽ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ കർഷകർ മുന്നിട്ടിറങ്ങണമെന്നും മന്ത്രി പറഞ്ഞു.

പാടിച്ചിറ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഐ.സി. ബാലകൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ മുഖ്യാതിഥിതിയായി.

സംസ്ഥാന കർഷകോത്തമ അവാർഡ് ജേതാവ് റോയ് ആൻറണി കവളക്കാട്ട്, ക്ഷോണി മിത്ര അവാർഡിന് അർഹനായ തോമസ് പുളിക്കക്കുന്നേൽ എന്നിവർക്കൊപ്പം പഞ്ചായത്തുതല അവാർഡിനർഹരായ റെന്നി ജോർജ്, രാജു കൃഷ്ണൻ, ഷീജ കരോട്ട് പെരുന്പള്ളിയിൽ, തോമസ് തണ്ടേൽ, ശ്രീകല രഘുനാഥ്, മാധവൻ വാകവയൽ എന്നിവരെയും ചടങ്ങിൽ മന്ത്രി ആദരിച്ചു.

പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ വിവരങ്ങൾ ചടങ്ങിൽ പഞ്ചായത്ത് അധികൃതർ മന്ത്രിക്ക് നൽകി.

മുള്ളൻകൊല്ലി പഞ്ചായത്ത് പ്രസിഡൻറ് പി.കെ. വിജയൻ, പുൽപ്പള്ളി പഞ്ചായത്ത് പ്രസിഡൻറ് ടി.എസ്. ദിലീപ്കുമാർ, പഞ്ചായത്ത് വൈസ് പ്രസിഡൻറ് മോളി സജി ആക്കാന്തിരിയിൽ, ജില്ലാ പഞ്ചായത്ത് അംഗം ബീനാ ജോസ്, തുടങ്ങിയവർ പ്രസംഗിച്ചു.



# മൃഗാശുപത്രികളുടെ സേവനത്തിന് മൊബൈൽ ആപ്പും

**കണ്ണൂർ:** സംസ്ഥാനത്തെ മൃഗാശുപത്രികളുടെ സേവനങ്ങൾ ഒരു വിരൽത്തുമ്പിലാക്കാൻ മൊബൈൽ ആപ്ലിക്കേഷൻ തയാറാകുന്നു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടു കൂടിയാണ് മൊബൈൽ ആപ്ലിക്കേഷൻ തയാറാക്കുന്നത്.

ഇസമൃദ്ധ എന്ന ഡിജിറ്റൽ ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് ആൻഡ് ഇഹെൽത്ത് സംവിധാനം നടപ്പാക്കാനാണ് മൃഗസംരക്ഷണ വകുപ്പ് ലക്ഷ്യമിടുന്നത്. പദ്ധതി പൂർണതോതിൽ പ്രവർത്തന സജ്ജമായാൽ മൃഗാശുപത്രികളുടെ സേവനങ്ങൾ, ഔട്ട് പേഷ്യൻറ് രജിസ്ട്രേഷൻ, അപ്പോയ്മെൻറ് എടുക്കൽ, തങ്ങളുടെ മൃഗങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ കർഷകർക്ക് ഓൺലൈനായി ചെയ്യാനാകും.

സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളും ലബോറട്ടറികളും ഈ സംവിധാനവുമായി ബന്ധിപ്പിക്കുന്നതോടെ കർഷകർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സാധിക്കും. കൂടാതെ വെറ്റിനറി ഡോക്ടർമാർക്ക് ഓരോ മൃഗത്തിൻറെയും പൂർവകാല രോഗവിവരങ്ങളും ലബോറട്ടറി റിപ്പോർട്ടുകളും അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് കൃത്യമായ രോഗനിർണയത്തിനും ചികിത്സ ലഭ്യമാക്കുന്നതിനും സാംക്രമിക രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനും ഉതകുന്നതാണ്. ഇതിനായുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തി എല്ലാ ജില്ലകളിലും നടക്കുകയാണ്.

കർഷകരുടെ വീട്ടുപടിക്കൽ അടിയന്തിര സേവനം ലഭ്യമാക്കാൻ ആവിഷ്ക്കരിച്ച മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ പ്രവർത്തനവും ാകൂടുതൽ വ്യാപകമാക്കാനും ലക്ഷ്യമിടുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ 29 ബ്ലോക്കുകളിലാണ് മൊബൈൽ വെറ്ററിനറി സേവനമുള്ളത്. ഈ വർഷം ബാക്കിയുള്ള 127 ബ്ലോക്കുകളിൽ കൂടി വാഹനങ്ങൾ വാങ്ങി വെറ്ററിനറി സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പറയുന്നത്.

കർഷകരുടെ വീട്ടുപടിക്കലെത്തി വളർത്തു മൃഗങ്ങൾക്ക് ചികിത്സ നൽകുകയാണ് പദ്ധതി ലക്ഷ്യം. കർഷകരുടെ ആവശ്യാനുസരണം മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്,

പശുക്കളുടെയും ആടുകളുടേയും കൃത്രിമ ബീജസങ്കലനം, വളർത്തു മൃഗങ്ങളുടെ വന്ധ്യംകരണം, വിവിധ ഫാമുകൾക്കുള്ള കൺസൾട്ടൻസി സർവീസുകൾ എന്നിവയാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ മുഖേന നൽകുന്നത്.

# വൈഎംസിഎ 'ജൈവ സമൃദ്ധി' പദ്ധതി തുടങ്ങി

**ചെമ്പേരി:** കുടുംബങ്ങളിൽ വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൈഎംസിഎ ചെമ്പേരി യൂണിറ്റിൻറെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'ജൈവ സമൃദ്ധി' പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതിക്ക് തുടക്കമായി. ഏരുവേശി കൃഷി ഓഫീസർ വി.എൻ. ജിനു വൈഎസിഎയുടെ മുതിർന്ന അംഗം മോളിക്കുട്ടി ഇമ്മാനുവലിനു പച്ചക്കറി തൈകൾ നൽകി ഉദ്ഘാടനം ചെയ്തു.




വൈഎംസിഎ പ്രസിഡൻറ് ബിജു തയ്യിൽ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഡയറക്ടർ സിബി പിണക്കാട്ട്, ജോസ് മേമടം, ഇമ്മാനുവൽ ജോർജ്, ബാബുക്കുട്ടി ജോർജ്, വനിത ഫോറം പ്രസിഡൻറ് ലിസിയമ്മ ജോസഫ്, മനോജ് തെരുവിൽ, റഷീന ജോർജ് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് വൈഎംസിഎ വനിത ഫോറം അംഗങ്ങൾക്ക് പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തു. കൃഷിയിലൂടെ മികച്ച ഉല്പാദനം നടത്തുന്ന കുടുംബങ്ങൾക്ക് സമ്മാനങ്ങൾ നൽകുമെന്നും വൈഎംസിഎ ഭാരവാഹികൾ അറിയിച്ചു.



# വൈറ്റ് കെയ്ൻ ദിനം ആചരിച്ചു

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബലിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വൈറ്റ് കെയ്ൻ ദിനം ആചരിച്ചു. ക്ലബ് നടപ്പാക്കുന്ന പ്രോജക്ട് സൂര്യയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. രാവിലെ വിസ്മയ ഇൻഫോപാർക്കിൽ നടന്ന ചടങ്ങിൽ സിയാൽ എംഡി എസ്. സുഹാസ് ഐഎഎസ് വൈറ്റ് കെയ്ൻ റാലി ഫ്ളാഗ് ഓഫ് ചെയ്തു. ടിസിഎസ് വൈസ് പ്രസിഡന്റും കേരള ഹെഡുമായ ദിനേശ് തമ്പി വിശിഷ്ടാഥിതയായിരുന്നു.

റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ പ്രസിഡന്റ് ബിനൂപ് പോൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൊക്കേഷണൽ സർവീസ് ഡയറക്ടർ കലാ രവിശങ്കർ പ്രോജക്ട് സൂര്യയെ കുറിച്ച് വിശദീകരിച്ചു. അജീഷ് തോമസ് വൈറ്റ് കെയ്ൻ സന്ദേശം നൽകി. റോട്ടറി ഡിസ്ട്രിക്ട് 3201 ഡയറക്ടർ അരവിന്ദ് പി.എസ്, അസിസ്റ്റന്റ് ഗവർണർ അനൂപ് മേനോൻ, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ സെക്രട്ടറി ബിനു ടി. പോൾ തുടങ്ങിയവർ സംസാരിച്ചു.

ഡിജിറ്റൽ പരിശീലനത്തിലൂടെ കാഴ്ചവൈകല്യമുള്ളവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ, ബെംഗലൂരുവിലെ ഇനേബിൾ ഇന്ത്യയെന്ന സംഘടനയുടെ പങ്കാളിത്തത്തോടെ പ്രോജക്ട് സൂര്യ നടപ്പാക്കുന്നത്. 2008ൽ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി വിസ്മയ ഇൻഫോപാർക് കാമ്പസിൽ കാഴ്ചവൈകല്യമുള്ളവർക്കായി ആറ് മാസത്തെ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം സൗജന്യമായിലഭ്യമാക്കുന്നു.



# എജിഒഐ കേരള ചാപ്റ്റർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** അസോസിയേഷൻ ഓഫ് ഗൈനക്കോളജിക് ഓങ്കോളജിസ്റ്റ്സ് ഓഫ് ഇന്ത്യയുടെ കേരള ചാപ്റ്റർ ആരംഭിച്ചു. വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ നടന്ന ചടങ്ങ് എജിഒഐ ദേശീയ പ്രസിഡന്റ് ഡോ. അമിത മഹേശ്വരി ഉദ്ഘാടനം ചെയ്തു. എജിഒഐ പ്രസിഡന്റ് ഇലക്ട് ഡോ. രുപീന്ദർ സെഖോൺ ലോഗോ പ്രകാശനം നിർവഹിച്ചു. വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ്. കെ. അബ്ദുള്ള അധ്യക്ഷനായി.

എജിഒഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. ചിത്രതാര സ്വാഗതവും സെക്രട്ടറി ഡോ. രമ പി നന്ദിയും പറഞ്ഞു.




# കമ്പനി സെക്രട്ടറിമാരുടെ ദക്ഷിണ മേഖലാ സമ്മേളനം സമാപിച്ചു

**കൊച്ചി:** കമ്പനി സെക്രട്ടറിമാരുടെ 15ാം ദക്ഷിണമേഖലാ സമ്മേളനം കൊച്ചിയിൽ സമാപിച്ചു. രണ്ടുദിവസത്തെ സമ്മേളനത്തിൽ കമ്പനി നിയമം, ഇൻസോൾവൻസി, ഇ എസ് ജി & ബി ആർ എസ് ആർ, മീഡിയേഷൻ എന്നീ രംഗങ്ങളിലെ വിദഗ്ധരും വിവിധ സംസ്ഥാനങ്ങളിലെ കമ്പനി സെക്രട്ടറിമാരും പങ്കെടുത്തു.വിവിധ വിഷയങ്ങളെ കുറിച്ച് സി.എസ് ബിജോയ് പുലിപ്ര, സി.എസ് ബി അനിൽകുമാർ, സി.എസ് ശ്രീകാന്ത് മോഹൻ, സി.എസ് പ്രകുൽ തടി, സി.എസ് കെ.എസ് രവിചന്ദ്രൻ, എന്നിവർ സംസാരിച്ചു. കൊച്ചി ചാപ്റ്റർ ചെയർമാൻ സി.എസ് ശരത് ശശിധര സ്വാഗതവും, റീജിയണൽ കൗൺസിൽ സെക്രട്ടറി സി.എസ് മധുസുധനൻ നന്ദിയും പ്രകാശിപ്പിച്ചു.

# പാവക്കുളത്ത് നവരാത്രി മഹോൽസവം

**കൊച്ചി:** പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ നവരാത്രി മഹോൽസവത്തോടനുബന്ധിച്ച് ധൂളിചിത്രകാരൻ പുരളിപ്പുരം നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ഒമ്പതു ദിവസങ്ങളിലായി ഒരുക്കുന്ന നവദുർഗ്ഗ പത്മങ്ങളിൽ ഇന്നലെ വരച്ചത് ബ്രഹ്മചാരിണി ഭാവം. ശൈലപുത്രികാഭാവമായിരുന്നു ആദ്യ ദിവസം വരച്ചത്. മൂന്നാംദിവസമായ ഇന്ന് ചന്ദ്രഖണ്ഡാഭാവവും നാളെ കുശ്മാണ്ഡഭാവവുമാണ് വരയ്ക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ സ്കന്ദമാതാ ഭാവം,കാർത്യായനി ഭാവം, കാളരാത്രിഭാവം, മഹാഗൗരിഭാവം, സിദ്ധിദാത്രി ഭാവം, എന്നിങ്ങനെയാണ് വരയ്ക്കുന്നത്. ശബരിമല,ആറ്റുകാൽ മുൻ മേൽശാന്തി ബ്രഹ്മശ്രീ ഇടമന ബാലമുരളി ഇന്നലെ നടന്ന വിശേഷാൽ പൂജയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.തുടർന്ന് പ്രഭാഷണവും അഷ്ടപദി ഗീതങ്ങളും ഉണ്ടായിരുന്നു. ഇന്ന് വൈകുന്നേരം അഞ്ചിന് നടക്കുന്ന വിശേഷാൽ പൂജയ്ക്ക് മാളികപ്പുറം,പമ്പാ മുൻ മേൽശാന്തി പുതുമന മനു നമ്പൂതിരി മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് പ്രഭാഷണവും തിരുവാതിര കളിയും ഉണ്ടാകും.

## പാവക്കുളത്ത് ഇന്ന്

പാവക്കുളം ശ്രീമഹാദേവക്ഷേത്രം : നവരാത്രിമഹോൽസവത്തോടനുബന്ധിച്ച് ഗണപതി ഹോമം പുലർച്ചെ 5 ന്, ദേവീ ഭാഗവത പാരായണം രാവിലെ 7 ന്, കളംവരയ്ക്കൽ വൈകിട്ട് 5 ന്, പ്രഭാഷണം വൈകിട്ട് 7 ന്, തിരുവാതിരകളി വൈകിട്ട് 8 ന്



**പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ നവരാത്രി മഹോൽസവത്തോടനുബന്ധിച്ച് ധൂളിചിത്രകാരൻ പുരളിപ്പുറം നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ഇന്നലെ (16.10.23) വരച്ച ബ്രഹ്മചാരിണി ഭാവം**




# ഐഎസ്എൽ: കേരള ബ്ലാസ്റ്റേഴ്സിന്റെ അസോസിയേറ്റ് സ്പോൺസറായി കള്ളിയത് ടിഎംടി

**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗിന്റെ പത്താം സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ അസോസിയേറ്റ് സ്പോൺസറായി കള്ളിയത് ടിഎംടി തുടരും. തുടർച്ചയായ അഞ്ചാം വർഷമാണ് കള്ളിയത്ത് ബ്ലാസ്റ്റേഴ്സുമായി പങ്കാളിത്തത്തിലേർപ്പെടുന്നത്. ഐഎസ്എല്ലിന്റെ തുടക്കം മുതൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയോടൊപ്പമുണ്ടെന്നും ഈ വർഷവും അവരുമായി തുടരുന്ന ബന്ധത്തിലൂടെ, ഏറെ കാലം കൂടെ പ്രവർത്തിച്ച പങ്കാളികൾ എന്ന റെക്കോർഡ് നേട്ടം കൈവരിക്കാനും കള്ളിയത്ത് ടിഎംടിക്ക് സാധിച്ചതായും എക്സിക്യൂട്ടീവ് ഡയറക്ടർ ദിർഷ കെ മുഹമ്മദ് പറഞ്ഞു.

സാമർത്യവും, വഴക്കവും, കളിക്കളത്തിലെ വെല്ലുവിളികളെ നേരിടാനുള്ള ദൃഢനിശ്ചയവും അനിവാര്യമായ ഒരു ഗെയിം എന്ന നിലയിൽ, ഈ ഗുണങ്ങൾ എല്ലാം പ്രകടിപ്പിക്കുന്നതിൽ അവർ മുൻപന്തിയിലാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കൂടാതെ ബ്ലാസ്റ്റേഴ്സുമായി പങ്കാളിത്തം സ്ഥാപിച്ചതിൽ ഞങ്ങൾ അഭിമാനിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കള്ളിയത്ത് ടിഎംടിയുമായി പങ്കാളിത്തം തുടരുന്നതിൽ സന്തോഷിമുണ്ടെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ് സി ഡയറക്ടർ നിഖിൽ ഭരദ്വാജ് പറഞ്ഞു. വരും സീസണുകളിലും ഈ ബന്ധം ദൃഢമാക്കുവാനും പരസ്പര സഹകരണം തുടരുവാനും ഞങ്ങൾ ആഗ്രഹിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

idp INTERNATIONAL EDUCATION SPECIALISTS

# ദക്ഷിണേന്ത്യയിൽ സാന്നിധ്യം ശക്തിപ്പെടുത്തി ഐഡിപി എഡ്യുക്കേഷൻ

**കൊച്ചി:** ഐഡിപി എഡ്യൂക്കേഷൻ ദക്ഷിണേന്ത്യയിൽ തങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നു. ഇതിന്റെ ഭാഗമായി കൊച്ചിയിലെ രണ്ടാമത്തെ ഓഫീസും പ്രവർത്തനം ആരംഭിച്ചു.

നിലവിൽ ഐഡിപിക്ക് 63 നഗരങ്ങളിലായി 76 ഓഫീസുകളുണ്ട്.കോഴ്സ് തിരഞ്ഞെടുക്കുന്നതുമുതൽ വിദ്യാർത്ഥികൾക്കായി അപേക്ഷ സമർപ്പിക്കൽ, ഓഫർ കൈക്കൊള്ളൽ, വിസ പ്രൊസസിംഗ്, താമസ സൗകര്യമൊരുക്കൽ, വിദ്യാഭ്യാസ വായ്പ പിന്തുണ, പണ കൈമാറ്റമടക്കം നിരവധിയായ സേവനങ്ങളാണ് ഐഡിപി ഇന്ത്യ വാഗ്ദാനം ചെയ്യുന്നത്.


ഓസ്ട്രേലിയ, യുണൈറ്റഡ് സ്റ്റേറ്റ്സ്, യുണൈറ്റഡ് കിംഗ്ഡം, കാനഡ, ന്യൂസിലാൻഡ്, അയർലൻഡ് തുടങ്ങിയ രാജ്യങ്ങളിൽ വിദ്യാഭ്യാസം നേടാൻ ലക്ഷ്യമിടുന്ന കൊച്ചിയിലെ വിദ്യാർത്ഥികൾക്ക് ഈ സേവനങ്ങൾ സഹായകമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ആരോഗ്യം



# നടുവേദന

## കാരണങ്ങളും ചികിത്സകളും



**ഡോ വിനോദ് വി**
സ്പൈൻ സർജറി വിഭാഗം ഡയറക്ടർ, കോഴിക്കോട് ആസ്റ്റർ മിംസ്

ജീവിതത്തിൽ ഒരിക്കലെങ്കിലും നടുവേദനയോ അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളോ അനുഭവിച്ചറിയാത്തവർ വളരെ വിരളമായിരിക്കും. ഇക്കാര്യത്തിൽ പ്രായ ലിംഗ ഭേദങ്ങൾക്കും ഏത് ജോലിയാണ് ചെയ്യുന്നത് എന്നതിനുമൊന്നും വലിയ പ്രസക്തിയില്ല. പലപ്പോഴും ഉടൻ മാറുമെന്ന നിലയിൽ അവഗണിക്കുന്നവരാണ് ഭൂരിഭാഗം പേരും. അതേ സമയം ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 30 മുതൽ 55 വയസ്സ് വരെയുള്ള സ്ത്രീകളിലാണ് ഇത്തരം ശാരീരിക ബുദ്ധിമുട്ടുകൾ അധികമായി കണ്ടുവരുന്നത്. മാരകമായ കാരണങ്ങൾ ഇല്ലാത്ത നടുവേദനയാണ് സാധാരണയായി 90 ശതമാനം പേരിലും കാണപ്പെടുന്ന ലക്ഷണം.

**എന്താണ് നടുവേദന (ലോവർ ബാക് പെയിൻ)?**

വാരിയെല്ലിനും തുടയെല്ലിനും ഇടയിലുണ്ടാകുന്ന വേദനയ്ക്കാണ് പൊതുവെ നടുവേദന എന്ന് പറയുന്നത്. രണ്ട് നട്ടെല്ലും അതിനിടയിൽ ഉള്ള ഡിസ്കും അനുബന്ധ ലിഗമെന്റുകളും ചേർന്നതാണ് നട്ടെല്ലിന്റെ ഫംഗ്ഷണൽ യൂണിറ്റുകൾ. നടുവിന്റെ അനക്കവും അസുഖങ്ങളും ബാധിക്കുന്നത് ഈ യൂണിറ്റുകളെയാണ്.

**നട്ടെല്ലിന്റെ ഘടന**

നടുവിന്റെ ആരോഗ്യത്തിന് കശേരുവിന്റെ (വെർട്ടിബ്രൽ കോളം) ചുറ്റുപാടുമുള്ള മസിലുകളുടെ ആരോഗ്യം സംരക്ഷിക്കേണ്ടതും, ശരീരഭാരവും നിയന്ത്രിക്കേണ്ടതും വളരെ പ്രധാനമാണ്. ഈ കശേരുക്കളാണ് കൈകാലുകളിലേക്കുള്ള സൂഷ്മനാ നാഡികളെ സംരക്ഷിക്കുക, ശരീരം നിവർന്ന് നിൽക്കാൻ സഹായിക്കുക, ശരീരത്തിന്റെ ചലനത്തിന് സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നത്.

**നട്ടെല്ലിന് രോഗങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന ലക്ഷണങ്ങൾ**

നടുവിനും അതിന്റെ ചുറ്റുഭാഗത്തുമുണ്ടാകുന്ന വേദന, നടുവിൽ നിന്ന് കാലുകളിലേക്ക് പടരുന്ന വേദന, കാലുകളിൽ മാത്രം കാണപ്പെടുന്ന വേദന എന്നിവയെല്ലാം നട്ടെല്ലിന്റെ അനാരോഗ്യത്തിന്റെ ലക്ഷണങ്ങളാകാം. തരിപ്പ്, പുകച്ചിൽ, ചുട്ടു നീറ്റൽ. കാലുകൾക്കുണ്ടാകുന്ന ബലക്കുറവ്, കടച്ചിലും തരിപ്പും മൂലം കൂടുതൽ സമയം നിൽക്കാനും നടക്കാനും സാധിക്കാതെ വരിക, മലബന്ധം, മൂത്രതടസ്സം തുടങ്ങിയവയെല്ലാം ഞരമ്പ് ഞെരുങ്ങുന്നത് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളുടെ സൂചനകളാണ്.

**നടുവിനെ ബാധിക്കുന്ന രോഗങ്ങളും ചികിത്സകളും**

**1.മാരകമായ കാരണങ്ങൾ ഇല്ലാത്ത(നോൺ സ്പെസിഫിസിക്) നടുവേദന.**

നടുവിനെ ബാധിക്കുന്ന പേശി വലിവോ (സ്പൈൻ സ്ട്രെയിൻ), സാധാരണയായി ചെയ്യാത്ത ജോലികൾ ചെയ്യുന്നത് മൂലമോ, എന്തെങ്കിലും പരിക്കുകൾ കാരണമോ നടുവേദന വരാൻ സാധ്യതയുണ്ട്.ഒന്നോ രണ്ടോ ദിവസത്തെ വിശ്രമംകൊണ്ട് ഈ ബുദ്ധിമുട്ടിന് ആശ്വാസം ലഭിക്കും. മരുന്നുകൾ, ഫിസിയോ തെറാപ്പി എന്നിവയും ഡോക്ടർമാർ നിർദ്ദേശിക്കാറുണ്ട്. സമാന ബുദ്ധിമുട്ട് വീണ്ടും ആവർത്തിക്കാതിരിക്കാൻ നടുവേദനക്ക് കാരണമായ പ്രവൃത്തി ഒഴിവാക്കുക എന്നതാണ് മാർഗ്ഗം.

**2. ഡിസ്ക് സംബന്ധമായ അസുഖങ്ങൾ**

ഡിസ്ക് ഹെർണിയേഷൻ (ഡിസ്ക് തള്ളിച്ച), സ്പോൺഡിലോസിസ് (നട്ടെല്ല് തേയ്മാനം), പേശിവലിവ്, ഉളുക്ക്, ലിസ്തെസിസ് (നട്ടെല്ലിന്റെ സ്ഥാനമാറ്റം), സ്റ്റെനോസിസ് (സുഷുമ്നാനാഡിയുടെ ചുരുങ്ങൽ) തുടങ്ങിയവയെല്ലാം നട്ടെല്ലിന്റെ ഡിസ്കിന്റെ അനാരോഗ്യം മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളാണ്. താരതമ്യേന ചെറുതായ നടുവേദനകൾ വിശ്രമം, ഫിസിയോ തെറാപ്പി, മസിലുകളുടെ റിലാക്സേഷനുള്ള മരുന്നുകൾ, ചൂട് പിടിക്കൽ എന്നിവകൊണ്ട് മാറ്റാവുന്നതാണ്. 90 ശതമാനവും ഇങ്ങനെ ഉള്ളതാണ്. അതേസമയം കഠിനമായ വേദനയുള്ളവർക്ക് നട്ടെല്ലിലേക്കുള്ള സെലക്റ്റീവ് നേർവ് റൂട്ട് ബ്ലോക്ക് എന്ന ഇൻജക്ഷനും സഹായിക്കും. രോഗലക്ഷണങ്ങൾ രണ്ടുമുതൽ നാലാഴ്ച വരെമാത്രമേ, നീണ്ടുനിൽക്കുകയുള്ളൂ. ഡിസ്ക് സംബന്ധമായ അസുഖമുള്ളവരിൽ അഞ്ച് മുതൽ 10 ശതമാനം പേർക്ക് വരെ താക്കോൽ ദ്വാര ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടി വന്നേക്കാം. ഡിസ്കിന്റെ തള്ളിച്ചയുടെ വ്യാപനം അനുസരിച്ച് എൻഡോസ്കോപ്പിക് പി.ഇ.എൽ.ഡി/ ട്യൂബലാർ മൈക്രോസ്കോപിക് അല്ലെങ്കിൽ ഓപ്പൺ ശസ്ത്രക്രിയയും വേണ്ടിവന്നേക്കാം.

**3.സുഷുമ്ന നാഡി ചുരുങ്ങുന്നത്**

പ്രായമായവരിലാണ് സാധാരണയായി സുഷമ്നാ നാഡി ചുരുങ്ങുന്നത് മൂലമുള്ള ബുദ്ധിമുട്ടുകൾ കാണപ്പെടുന്നത്. ലമ്പാർ കനാൽ സ്റ്റേനോസിസ് എന്നാണ് ഇത്തരം സാഹചര്യങ്ങൾ പറയുന്നത്.കൂടുതൽ നേരം നിൽക്കുമ്പോഴും നടക്കുമ്പോഴും കാലിൽ തരിപ്പ്, കടച്ചിൽ, ബലക്കുറവ് എന്നിവയുണ്ടാകും. ഇരിക്കുമ്പോഴും കിടക്കുമ്പോഴുമാണ് ആശ്വാസം ലഭിക്കുക. ചെറിയ പ്രശ്നങ്ങളേ ഉള്ളൂ എങ്കിൽ മരുന്നുകളും വ്യായാമവും കൊണ്ട് ബുദ്ധിമുട്ടുകൾ മാറ്റിയെടുക്കാവുന്നതാണ്. അതേസമയം രോഗലക്ഷണങ്ങൾ കൂടുതലായാൽ സുഷ്മനാ നാഡിയുടെ ചുരുങ്ങിയ ഭാഗം ശസ്ത്രക്രിയയിലൂടെ നീക്കംചെയ്യേണ്ടി വരും.

**4.സുസ്ഥിരമായ / കുറെ നാളുകൾ നീണ്ടുനിൽക്കുന്ന നടുവേദന.**

അമിതവണ്ണം, പുകവലി, തുടർച്ചയായി ഇരുന്നുള്ള ജോലി, ഇരിപ്പിന്റെ തെറ്റായ രീതി, ശാരീരിക ആരോഗ്യ കുറവ്, നട്ടെല്ലിന്റെ തേയ്മാനം, അസ്ഥിയുടെ ബലക്കുറവ്, നടുവിനെ ബലപ്പെടുത്തുന്ന മസിലുകളുടെ ശോഷണം, ഡിസ്ക് സംബന്ധമായ മറ്റ് അസുഖങ്ങൾ മൂലം ഇടയ്ക്കിടെ ഉണ്ടാകുന്ന വേദന മുതലായവയെല്ലാം നടുവേദനയ്ക്ക് കാരണമാകും. ലക്ഷണങ്ങൾ ആറ് ആഴ്ച്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്നുണ്ടെങ്കിൽ പരിശോധന അനിവാര്യമാണ്. നടുവേദനയുടെ വിവിധ ലക്ഷണങ്ങൾ നിരീക്ഷിച്ച് കൃത്യമായ കാരണം കണ്ടെത്തി വേണം ചികിത്സ നൽകാൻ.

**5. മെറ്റബോളിക് ബോൺ പ്രശ്നങ്ങൾ**

വിറ്റാമിൻ ഡി3, കാൽസ്യം, ഫോസ്ഫറസ്, വിറ്റാമിൻ സി ഗുളികളുടെ അമിത ഉപയോഗം, തൈറോയ്ഡ് രോഗങ്ങൾ, കിഡ്നി, ലിവർ എന്നിവിടങ്ങളിൽ ഉൾപ്പെടെ ശരീരത്തിലുണ്ടാകുന്ന ട്യൂമറുകളും രോഗങ്ങളും, ഇവയെല്ലാം നട്ടെലിന്റെ കശേരുവിന്റെ ഉപാപചയ പ്രക്രിയയെ ബാധിക്കുകയും നടുവേദന ഉണ്ടാക്കുകയും ചെയ്യാം. രോഗത്തിനനുസരിച്ച് വേണം ചികിത്സ നൽകാൻ.

**6.ഇൻഫ്ളമേറ്ററി ബാക് പെയിൻ**

നട്ടെല്ലിനെ ബാധിക്കുന്ന ഇൻഫ്ളമേറ്ററി നടുവേദനകൾ നേരത്തെ തന്നെ തിരിച്ചറിഞ്ഞാൽ വേദന കുറയ്ക്കാൻ കഴിയും. കൂടുതൽ വിശ്രമിക്കുമ്പോഴും അതിരാവിലെയും ആയിരിക്കും ഇങ്ങനെയുള്ളവരിൽ വേദന കൂടുന്നത്.

**7.ക്വാഡാ എക്വിന സിൻഡ്രോം:**

സുഷ്മനാ നാഡിയുടെ ഗുരുതരമായ കംപ്രഷൻ മൂലമാണ് ഇത് ഉണ്ടാകുന്നത്. മാസീവ് ഡിസ്ക് പ്രോലാപ്സ് /ട്യൂമർ / പൊട്ടൽ (ഫ്രാക്ചർ)/ രക്തം കട്ട പിടിക്കൽ എന്നിവ മൂലമാണ് ഇതുണ്ടാകുന്നത്. മൂല മല മൂത്ര വിസർജനങ്ങൾ തടസ്സപ്പെടുക, കാലുകൾക്ക് ബലക്കുറവ് അനുഭവപ്പെടുക തുടങ്ങിയ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടും. ഞരമ്പിന്റെ പ്രവർത്തനം തകരാറിലാകുന്ന ലക്ഷണമായതിനാൽ എത്രയും പെട്ടന്ന് (48 മണിക്കൂറിനുള്ളിൽ) ശസ്ത്രക്രിയ ചെയ്താൽ മാത്രമേ നഷടപ്പെട്ട ഞരമ്പിന്റെ പ്രവർത്തനം തിരിച്ചു കിട്ടുന്നതിന് സാധ്യതയുള്ളൂ. 48 മണിക്കൂറിന് ശേഷം ഞരമ്പിന്റെ പ്രവർത്തനം തിരികെ കിട്ടാത്ത വിധം തകരാറിലാകുകയും ചെയ്യും.

**8.സ്പൊൺഡെലോലിസ്തെസിസ്**

നട്ടെല്ലിലെ കശേരുക്കൾ സ്ഥാനം തെറ്റുന്നത് മൂലമുണ്ടാകുന്ന നടുവേദനയാണിത്. നടുവേദന, കാൽ തരിപ്പ്, ബലക്കുറവ്, കാൽ കടച്ചിൽ എന്നിവയാണ് ലക്ഷണങ്ങൾ.രോഗികളോട് ബെൽറ്റ് ധരിക്കാൻ ഡോക്ടർമാർ നിർദ്ദേശിക്കാറുണ്ട്. വ്യായാമങ്ങൾ, ശരീരഭാരം കുറക്കൽ തുടങ്ങിയവയിലൂടെ കുറയുന്നില്ലെങ്കിൽ ശസ്ത്രക്രിയയിലൂടെ സ്ഥാനം തെറ്റിയ എല്ലുകൾ സ്ക്രൂ ഉപയോഗിച്ച് പഴയ രീതിയിൽ ആക്കേണ്ടി വരും.

**9.നട്ടെല്ലിന്റെ വളവുകൾ**

നട്ടെല്ലിന്റെ വളവുകളും നടുവേദനക്ക് കാരണമാകാറുണ്ട്. അപകടങ്ങൾ മൂലമോ , ഞരമ്പിനെ ബാധിക്കുന്ന മറ്റു പ്രശ്നങ്ങൾ കാരണമോ, ബലക്കുറവ് മൂലമോ വളവുകൾ ഉണ്ടാകാം. പ്രായം, വളവിന്റെ കാഠിന്യം, വേദന, അംഗവൈകല്യ സാധ്യത എന്നിവ കണക്കിലെടുത്തുമാണ് ചികിത്സ തീരുമാനിക്കുന്നത്.

**10.നട്ടെല്ലിന്റെ സമീപമുള്ള അവയവങ്ങളിൽനിന്നും വ്യാപിക്കുന്ന വേദന.**


നട്ടെല്ലിന് സമീപമുള്ള അവയവങ്ങളായ കിഡ്നി, പാൻക്രിയാസ്, അയോർട്ട, പ്രോസ്റ്റേറ്റ്, യൂട്രസ്, പെരിട്ടോണിയം എന്നിവയെ ബാധിക്കുന്ന അസുഖങ്ങൾ നടുവേദനയായി അനുഭവപ്പെടാറുണ്ട്. ഇങ്ങനെയുള്ളവർക്ക് അതാത് അവയവത്തിന്റെ ലക്ഷണങ്ങൾ കൂടി നടുവേദനയോടൊപ്പം കണ്ടുവരാറുണ്ട്. ഞരമ്പുകളെ ബാധിക്കുന്ന ഹെർപ്പസ് സോസ്റ്റർ എന്ന അസുഖവും വളരെ കഠിനമായ നടുവേദനയോടെ കൂടി കണ്ടു വരാറുണ്ട്. കുറച്ചു ദിവസങ്ങൾക്കുള്ളിൽ തൊലിപ്പുറത്ത് കുമളകൾ പ്രത്യക്ഷപ്പെടും.ചിലരിൽ രാത്രി കിടക്കുമ്പോൾ ഉണ്ടാകുന്ന വേദന, പനി, വിശപ്പില്ലായ്മ, തൂക്കം കുറയൽ, നടുവേദന കാരണം മല മൂത്ര തടസ്സം, കാലിന് ബലക്കുറവും ഉണ്ടാവുക, വളരെക്കാലം സ്റ്റിറോയിഡുകളോ/ രോഗപ്രതിരോധ മരുന്നുകളോ ഉപയോഗിച്ചിരുന്നവർ, (ഉദാ. കാൻസർ ചികിത്സ എടുത്തിരുന്നവർ), പ്രായം കൂടിയവരിൽ അപകടത്തെ തുടർന്നുണ്ടാകുന്ന പരിക്കുകൾ തുടങ്ങിയവയും ഇങ്ങനെയുള്ള ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഇൻഫെക്ഷൻ ട്യൂമർ പോലുള്ള അസുഖങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇങ്ങനെയുള്ളവർ ഉടൻതന്നെ ചികിത്സ തേടേണ്ടതുണ്ട്.നട്ടെല്ലിനെ ബാധിക്കുന്ന രോഗങ്ങൾ മൂലം വളരെയധികം ബുദ്ധിമുട്ടുകളാണ് രോഗി അനുഭവിക്കേണ്ടി വരുന്നത്. ഇതിനെ പൂർണ്ണമായും ഭേദമാക്കാൻ കഴിയുന്ന അതിനൂതന ശസ്ത്രക്രിയകളും ഇന്ന് പ്രചാരത്തിലുണ്ട്. തുടക്കത്തിൽ തന്നെ കാരണം കണ്ടെത്തി ചികിത്സിക്കുകയാണെങ്കിൽ പൂർണ്ണമായി ഭേദമാക്കാവുന്നതാണ്.

## എസ്ഐ - യുകെ ഇന്ത്യ യൂണിവേഴ്സിറ്റി ഫെയർ 18ന് കൊച്ചിയിൽ

**കൊച്ചി:** യുകെ ആസ്ഥാനമായ ഇന്റർനാഷണൽ എജ്യുക്കേഷൻ കൺസൾട്ടന്റ് കമ്പനി എസ്ഐ -യുകെ ഇന്ത്യ സംഘടിപ്പിക്കുന്ന യുകെ യൂണിവേഴ്സിറ്റി ഫെയർ ഈ മാസം 18നു ഇടപ്പള്ളി മാരിയറ്റ് ഹോട്ടലിൽ രാവിലെ 11 മുതൽ വൈകുന്നേരം നാലുവരെ നടക്കും.

യൂണിവേഴ്സിറ്റി കോളേജ് ലണ്ടൻ, യൂണിവേഴ്സിറ്റി ഓഫ് സെന്റ് ആൻഡ്രൂസ്, കിങ്സ് കോളേജ് ലണ്ടൻ, മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റി, നോട്ടിംഗ്ഹാം യൂണിവേഴ്സിറ്റി, ബർമിംഗ്ഹാം യൂണിവേഴ്സിറ്റി തുടങ്ങി 80ലധികം പ്രശസ്ത യുകെ സർവ്വകലാശാലകളിൽ നിന്നുള്ള പ്രതിനിധികൾ ഫെയറിൽ പങ്കെടുക്കും. വിദ്യാർത്ഥികൾക്ക് യുകെയിലെ വിദ്യാഭ്യാസ സാധ്യതകൾ നേരിട്ട് അറിയാനും തെരഞ്ഞെടുക്കാനും സ്കോളർഷിപ്പ് ദാതാക്കളുമായി സംസാരിക്കാനും ഫെയർ അവസരമൊരുക്കും. ഈ മാസം10 മുതൽ രണ്ട് മാസങ്ങളിലായി രാജ്യത്തെ 20 നഗരങ്ങളിൽ നടക്കുന്ന എസ്ഐ യുകെ ഇന്ത്യ യൂണിവേഴ്സിറ്റി ഫെയറിന്റെ ഭാഗമാണ് കൊച്ചിയിലേത്. യുകെ മേഖലയിൽ ലോകോത്തര വിദ്യാഭ്യാസ അവസരങ്ങളാണ് ഫെയറിൽ വാഗ്ദാനം ചെയ്യുന്നതെന്ന് എസ്ഐ യുകെ ഇന്ത്യ എംഡി ലക്ഷ്മി അയ്യർ പറഞ്ഞു. ഇന്ത്യയിലെ വിദ്യാർത്ഥികളെ ഭാവിയെക്കുറിച്ച് ഉചിത തീരുമാനങ്ങൾ എടുക്കുന്നതിന് സഹായിക്കുകയാണ് എസ്ഐ യുകെ വിദ്യാഭ്യാസ മേള ലക്ഷ്യമിടുന്നതെന്നും ലക്ഷ്മി അയ്യർ പറഞ്ഞു.

## കേരള ബ്ലാസ്റ്റേഴ്സിന്റെ ഔദ്യോഗിക ഹൈഡ്രേഷൻ പാർട്ണറായി ബിസ്ലേരി




**കൊച്ചി:** ഐ.എസ്.എല്ലിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ഔദ്യോഗിക ഹൈഡ്രേഷൻ പാർട്ണറായി മുൻനിര പാക്കേജ്ഡ് കുടിവെള്ള ബ്രാൻ്റായ ബിസ്ലേരി. ബ്ലാസ്റ്റേഴ്സ് ടീമിലെ സൂപ്പർ താരങ്ങളായ കെ.പി. രാഹുൽ, അഡ്രിയാൻ ലൂണ, ജീക്സൺ സിംഗ് എന്നിവരുടെ ചിത്രങ്ങൾ ആലേഖനം ചെയ്ത സ്പെഷ്യൽ എഡിഷൻ വെള്ളക്കുപ്പികൾ ഇതോടനുബന്ധിച്ച് പുറത്തിറക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## വികസനപദ്ധതി സെമിനാർ ; മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും

**കൊല്ലം:** കൊട്ടാരക്കര മണ്ഡലത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കിയുള്ള സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ ഏകദിന സെമിനാർ സംഘടിപ്പിക്കും. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആസൂത്രകർ, ശാസ്ത്രജ്ഞർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കും. ഒക്ടോബർ 21 രാവിലെ 10 മണിക്ക് കൊട്ടാരക്കര ഹൈലാൻഡ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സെമിനാർ ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

സെമിനാറിൽ കൊട്ടാരക്കര മണ്ഡലത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊളിച്ചുകൊണ്ടുള്ള ഭൂവിവരാധിഷ്ഠിത വെബ്പോർട്ടലായ kottarakkaralac.com ന്റെ പ്രകാശനവും വെബ്സൈറ്റ് ഉപയോഗം സംബന്ധിച്ച അവതരണവും മണ്ഡല വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ചർച്ചയും നടത്തും. 14ാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള ഭൂവിനിയോഗാസൂത്രണ പദ്ധതിയുടെ കൊട്ടാരക്കര മുൻസിപ്പാലിറ്റിക്കായി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പ്രക്ഷണവും ചടങ്ങിൽ നടത്തും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**കൊല്ലം:** മനയിൽകുളങ്ങര സർക്കാർ വനിതാ ഐ ടി ഐയിൽ അഗ്രോ പ്രോസസ്സിങ് ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം നടത്തും.

യോഗ്യത: ഫുഡ് ടെക്നോളജിയിൽ യു ജി സി അംഗീകൃത ബി വോക്/ ബിരുദവും ഒരു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ ഫുഡ് ടെക്നോളജിയിൽ കുറഞ്ഞത് രണ്ട് വർഷത്തെ ഡിപ്ലോമയും രണ്ടു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ അഗ്രോ പ്രോസസ്സിങ് ട്രേഡിലുള്ള എൻ ടി സി /എൻ എ സി യും മൂന്നുവർഷ പ്രവർത്തിപരിചയവും. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ സഹിതം ഒക്ടോബർ 20ന് രാവിലെ 11.30ന് ഐ ടി ഐയിൽ എത്തണം. ഫോൺ 0474 2793714.



## അതിവേഗ എസി ബോട്ട് വേഗ വിനോദ സഞ്ചാര മേഖലയിലേക്ക് മാറിയേക്കും

**വൈക്കം:** വൈക്കം എറണാകുളമായി സർവീസ് നടത്തിയിരുന്ന അതിവേഗ എസി ബോട്ട് വേഗ 120 വിനോദ സഞ്ചാര പദ്ധതിയുടെ ഭാഗമായേക്കും. വൈക്കത്തുനിന്ന് എറണാകുളത്തേക്കു രാവിലെ പുറപ്പെട്ട് വൈകുന്നേരം വൈക്കത്ത് തിരിച്ചെത്തിയിരുന്നു.

എറണാകുളത്ത് രാവിലെ 9.30തോടെ എത്തുന്ന വേഗ തുടർന്ന് വൈകുന്നേരം വരെ കമാൽക്കടവിലാണ് സർവീസ് നടത്തിയിരുന്നത്. രാവിലെ 7.15ന് വൈക്കത്തു നിന്നു പുറപ്പെട്ടിരുന്ന വേഗയിൽ എറണാകുളത്തേക്കു പോകാൻ യാത്രക്കാർ പരിമിതമായിരുന്നു.

ഡീസൽ ചെലവുപോലും കമാൽക്കടവിലെ സർവീസു കൊണ്ടാണ് ലഭിച്ചിരുന്നത്. വാർഷിക അറ്റകുറ്റപ്പണി കഴിഞ്ഞ വേഗ സർവീസിനിപ്പോൾ സജ്ജമാണ്. നഷ്ടത്തിൽ സർവീസ് നടത്തുന്നതിനു പകരം വിനോദ സഞ്ചാര മേഖലയിൽ ഉപയോഗിച്ചാൽ കുറഞ്ഞ ചെലവിൽ സാധാരണക്കാർക്കും ഉല്ലാസയാത്ര നടത്താനാകും.

ചെമ്പ് കാട്ടിക്കുന്ന് പാലാക്കരി ഫിഷ് ഫാമിലേക്ക് എറണാകുളത്തുനിന്നു ക്രൂയിസ് ബോട്ടുകൾ സഞ്ചാരികളുമായെത്തുന്നുണ്ട്. കെഎസ്ആർടിസി ഡിപ്പോയിൽനിന്ന് തീർഥാടന കേന്ദ്രങ്ങളിലേ ക്കും വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കും ടൂർ പാക്കേജുകളും വിജയമായിരിക്കുകയാണ്.

വേമ്പനാട്ടുകായലിൻറെയും മൂവാറ്റുപുഴയാർ, കരിയാർ തുടങ്ങിയ ജലാശയങ്ങളുടേയും മനോഹാരിത സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനും കുമരകം, പാതിരാമണൽ അടക്കമുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കു വേഗയിലേറി പോകാൻ പദ്ധതി തയാറാക്കാൻ ജലഗതാഗത വകുപ്പ് അധികൃതർക്ക് മുന്നിൽ നിർദേശം വച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പാകുമെന്നാണ് പ്രതീക്ഷയെന്നും ആശ എം എൽ എ പറഞ്ഞു.

## സിന്തറ്റിക് ഫുട്ബോൾ സ്റ്റേഡിയം പ്രൊപ്പോസലിന് അംഗീകാരം

**ചെറുതോണി:** ഇടുക്കി ജില്ലയിലെ ആദ്യ ഇലവൻസ് സിന്തറ്റിക് ഫുട്ബോൾ സ്റ്റേഡിയത്തിനായുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ അംഗീകരിച്ചു.

ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കുന്ന സ്റ്റേഡിയത്തിൻറെ ഡിപിആർ തയാറാക്കുന്നതിനായി എൻജിനിയറിംഗ് സംഘം വഞ്ചിക്കവലയിലെ ഗ്രൗണ്ട് സന്ദർശിച്ചു.

ഖേലോ ഇന്ത്യ പദ്ധതിയിൽപ്പെടുത്തി ആറു കോടി രൂപയും ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 10 കോടി രൂപയും സ്റ്റേഡിയം നിർമാണത്തിനായി ഉപയോഗിക്കും.

സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകൾ സ്പോർട്സ് ഡയറക്ടറേറ്റ് വഴിയാണ് ജില്ലാ ആസ്ഥാനത്ത് ഇലവൻസ് സിന്തറ്റിക് ഫുട്ബോൾ സ്റ്റേഡിയം നിർമിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചത്.

പദ്ധതിയുടെ ഡിപിആർ തയാറാക്കുന്നതിനായി ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സിനു കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ എക്സി. എൻജിനിയർ വൈ.സലിം, അസി. എൻജിനിയർ ശിവ, പ്രൊജക്ട് എൻജി



നിയർ അഭിജിത്ത് എന്നിവരാണ് സ്ഥലം സന്ദർശിച്ചത്.

ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് റോമിയോ സെബാസ്റ്റ്യൻ, ജില്ലാ പഞ്ചായത്തംഗം കെ.ജി. സത്യൻ, സിപിഎം ഇടുക്കി ഏരിയ സെക്രട്ടറി പി.ബി. സബീഷ് എന്നിവരും സ്റ്റേഡിയം നിർമിക്കുന്ന വഞ്ചിക്കവലയിൽ എത്തിയിരുന്നു.

105 മീറ്റർ നീളവും 65 മീറ്റർ വീതിയുമുള്ള സ്റ്റേഡിയത്തിൻറെ നിർമാണച്ചെലവ് ആറു കോടി രൂപയാണ്. സംസ്ഥാന സർക്കാർ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി പത്തു കോടി രൂപ ഗ്രൗണ്ട് ഡെവലപ്മെൻറിനായും നൽകും. ഈ തുക ഉപയോഗിച്ച് പവലിയൻ ഉൾപ്പെടെ നിർമിക്കും. ജില്ലാ പഞ്ചായത്തിൻറെ അധീനതയിലുള്ള ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൻറെ ആറ് ഏക്കർ ഭൂമി സ്റ്റേഡിയം നിർമാണത്തിനായി സ്കൂൾ അധികൃതർ വിട്ടുനൽകും.

# ഉന്നതവിദ്യാഭ്യാസ മേഖല ജ്ഞാനോത്പാദന കേന്ദ്രങ്ങളാകണം: മന്ത്രി



**കൊടുങ്ങല്ലൂർ:** ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ജ്ഞാനോത്പാദന കേന്ദ്രങ്ങളായി മാറണമെന്ന് മന്ത്രി ആർ. ബിന്ദു. ജില്ലയിൽ നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡ് കരസ്ഥമാക്കിയ ആദ്യ സർക്കാർ കോളജ് എന്ന അഭിമാനനേട്ടം കൈവരിച്ച കെകെടിഎം ഗവ. കോളജിൻറെ വിജയാഘോഷവും ലേഡീസ് ഹോസ്റ്റലും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മുസിരിസ് കൺവൻഷൻ സെൻററിൽ നടന്ന ചടങ്ങിൽ അഡ്വ. വി.ആർ. സുനിൽകുമാർ എംഎൽഎ, മുനിസിപ്പൽ ചെയർപേഴ്സൻ ടി.കെ. ഗീത, പ്രിൻസിപ്പൽ ഡോ. ടി. കെ. ബിന്ദു ശർമിള, വൈസ് പ്രിൻസിപ്പൽ ഡോ. ജി. ഉഷാകുമാരി, മുനിസിപ്പൽ കൗൺസിലർ പി.എൻ. വിനയചന്ദ്രൻ, പിഡബ്ല്യുഡി അസി. എക്സി. എൻജിനീയർ എൻ.വി. ആൻറണി ഹെഡ് അക്കൗണ്ടൻറ് ഗീത, വിദ്യാർഥി പ്രതിനിധി വി. ജീഷ്മ, പിടിഎ വൈസ് പ്രസിഡൻറ് പി. എ. ഷാഹുൽ ഹമീദ് എന്നിവർ സംബന്ധിച്ചു.

ചടങ്ങിൽ മുൻപ്രിൻസിപ്പൽമാരെയും കൃത്യമായ ആസൂത്രണമികവിലൂടെ നാക്ക് പ്രവർത്തനങ്ങൾക്ക് ധൈഷണിക നേതൃത്വം നൽകിയ പി. വി. കലാധരൻ, ഐക്യുഎസി കോഓർഡിനേറ്റർ ഡോ. പി. കെ. സുജാതൻ, നാക് കോഓർഡിനേറ്റർ ഡോ. കെ. കെ. രമണി എന്നിവരെയും മന്ത്രി ആദരിച്ചു.

# സിഡിയുടെ സേവനങ്ങൾക്ക് കരുത്തുപകരാൻ സൗത്ത് ഇന്ത്യൻ ബാങ്കിൻെറ കൈത്താങ്ങ്



**താമരശേരി:** താമരശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സിഒഡി 36 വർഷമായി തുടരുന്ന സേവനത്തിന് സൗത്ത് ഇന്ത്യൻ ബാങ്കിൻറെ കൈത്താങ്ങ്. വയോധികരുടെയും ഭിന്നശേഷിക്കാരുടെയും ഇടയിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൻറെ ഭാഗമായി ബാങ്കിൻറെ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് വിനിയോഗിച്ച് വാങ്ങിയ കാർ സിഒഡിയ്ക്ക് സമ്മാനിച്ചു.

താമരശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് ജനറൽ മാനേജർ ആൻറോ ജോർജ്ജ് കാറിൻറെ താക്കോൽ ബിഷപിന് കൈമാറി.

അസി.ജനറൽ മാനേജർ ബിജോ ജെ. കുര്യൻ, ക്ലസ്റ്റർ ഹെഡ് എം.പി. ആരതി, താമരശേരി ബ്രാഞ്ച് മാനേജർ ഷെറിൻ, രൂപത ചാൻസിലർ ഫാ. ചെറിയാൻ പൊങ്ങൻപാറ, രൂപത പ്രൊക്യുറേറ്റർ ഫാ. കുര്യാക്കോസ് മുകാല, സിഒഡി ഡയറക്ടർ ഫാ. ജോർജ്ജ് ചെന്പരത്തിക്കൽ, സിഒഡി പ്രോഗ്രാം കോഡിനേറ്റർ കെ.സി. ജോയി എന്നിവർ പ്രസംഗിച്ചു.

# നവകേരള സദസ് ഭരണനിർവഹണത്തിലെ പുതിയ മാതൃക: മന്ത്രി

**പാലക്കാട്:** ഭരണ നിർവഹണത്തിലെ പുതിയ കേരള മാതൃകയാണ് നവകേരള സദസ് എന്ന് തദ്ദേശ സ്വയംഭരണഎക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ്. കേരളത്തിൽ ഇതിനകം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കാനും ഇനി മുന്നോട്ടുള്ള പാതയിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ, നിർദേശങ്ങൾ തുടങ്ങിയവ കേൾക്കുന്നതിനുമായാണ് നവകേരള സദസ് സംഘടിപ്പിക്കുന്നത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭ 140 മണ്ഡലങ്ങളിലും നേരിട്ടെത്തി ജനങ്ങളുമായി സംവദിക്കുന്ന സമാനതകളില്ലാത്ത പരിപാടിയാണിതെന്നും മന്ത്രി പറഞ്ഞു. നവകേരള നിർമ്മിതി ബഹുജന സദസിന്റെ പാലക്കാട് നിയോജക മണ്ഡലം സംഘാടക സമിതി രൂപീകരണ യോഗം ജില്ലാ പഞ്ചായത്ത് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മേയ്, ജൂൺ മാസങ്ങളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ സംഘടിപ്പിച്ച പരാതി പരിഹാര അദാലത്ത്, ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നാല് മേഖലകളിലായി നടത്തിയ വൻകിടമുൻഗണന പദ്ധതികളുടെ അവലോകനം എന്നിവയുടെ തുടർച്ചയായാണ് നവകേരള സദസ് സംഘടിപ്പിക്കുന്നത്. സർക്കാരും ജനങ്ങളും തമ്മിലുള്ള എല്ലാ അതിർവരമ്പും ഇവിടെ ഇല്ലാതാവുകയാണ്. വിഴിഞ്ഞം തുറമുഖം, കോവളംബേക്കൽ ജലപാത തുടങ്ങിയവ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വൻകിട പദ്ധതികളിൽപ്പെടുന്നതാണ്.

# കെ സി സി പി എൽ വൈവിധ്യവൽക്കരണം: മൂന്നാമത്തെ പെട്രോൾ പമ്പിന് തറക്കല്ലിട്ടു

**കണ്ണൂർ:** പൊതുമേഖലാ സ്ഥാപനമായ കെ സി സി പി എൽ വൈവിധ്യവൽക്കരണ പദ്ധതിയുടെ ഭാഗമായുള്ള മൂന്നാമത്തെ പെട്രോൾ പമ്പ് നാടുകാണി കിൻഫ്ര കോമ്പൗണ്ടിൽ ആരംഭിക്കുന്നു. ശിലാസ്ഥാപനം കെ സി സി പി എൽ ചെയർമാൻ ടി വി രാജേഷ് നിർവ്വഹിച്ചു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് പെട്രോളിയം കോർപ്പറേഷനുമായി സഹകരിച്ചാണ് പമ്പ് ആരംഭിക്കുന്നത്. മൂന്ന് മാസത്തിനകം പ്രവർത്തനക്ഷമമാകും. ഇതോടൊപ്പം സി എൻ ജി (ഗ്യാസ്) സംവിധാനവും വൈദ്യുതി ചാർജ്ജിങ് സ്റ്റേഷനും സ്ഥാപിക്കും. കെ സി സി പി എല്ലിന്റെ കരിന്തളം യൂണിറ്റിലും പാലക്കാട് കഞ്ചിക്കോട് കിൻഫ്രാ പാർക്കിലും ഈ വർഷം തന്നെ രണ്ടു പമ്പുകൾ സ്ഥാപിക്കാനുള്ള നടപടി പുരോഗമിക്കുന്നു. കമ്പനിയുടെ ആദ്യത്തെ പെട്രോൾ പമ്പ് പാപ്പിനിശ്ശേരിയിലെ ആസ്ഥാന മന്ദിരത്തോടനുബന്ധിച്ച് 2020ലാണ് പ്രവർത്തനം ആരംഭിച്ചത്. രണ്ടാമത്തെ പെട്രോൾ പമ്പ് 2023 മാർച്ചിൽ മാങ്ങാട്ടുപറമ്പിൽ ആരംഭിച്ചു. പാപ്പിനിശ്ശേരിയിലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പമ്പ് വൈവിധ്യവൽക്കരണത്തിലെ തിളക്കമാർന്ന ചുവടുവെപ്പാണ്. പാപ്പിനിശ്ശേരിയിൽ സി എൻ ജി (ഗ്യാസ്) സംവിധാനവും വൈദ്യുതി ചാർജിങ് സ്റ്റേഷനും മൂന്ന് മാസത്തിനകം പൂർത്തീകരിക്കും.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സുനിജ ബാലകൃഷ്ണൻ അധ്യക്ഷയായി. ഗ്രാമപഞ്ചായത്ത് അംഗം കെ വി രാഘവൻ, കെസിസിപിഎൽ മാനേജിംഗ് ഡയറക്ടർ ആനക്കൈ ബാലകൃഷ്ണൻ, വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളായ ഐ വി ശിവരാമൻ, എ മാധവൻ, യു കൃഷ്ണൻ, ബിപിസിഎൽ സെയിൽസ് മാനേജർ ജി മണികണ്ഠൻ, കെസിസിപിഎൽ അസിസ്റ്റന്റ് ജനറൽ മാനേജർ (പ്രൊഡക്ഷൻ) എ കെ കൃഷ്ണകുമാർ എന്നിവർ പങ്കെടുത്തു.

## സെറികൾച്ചർ സിൽക്ക് സമഗ്രപട്ടികജാതി വിഭാഗം കർഷകർക്ക് പ്രത്യേക ആനുകൂല്യങ്ങൾ: പരിശീലനം ഇന്ന് മുതൽ

**പാലക്കാട്:** പട്ടുനൂൽ കൃഷി വ്യാപനത്തിനായി നടപ്പാക്കുന്ന സിൽക്ക് സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാരായ കർഷകർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി അതത് ബ്ലോക്കുകളിലെ പട്ടികജാതി വികസന ഓഫീസർ, പട്ടുനൂൽ കൃഷി ചെയ്യാൻ താത്പര്യമുള്ള പട്ടികജാതി വിഭാഗക്കാരായ കർഷകർ, എസ്.സി പ്രൊമോട്ടർ എന്നിവർക്ക് പരിശീലനം നൽകുന്നു. സ്വന്തമായോ പാട്ടത്തിനെടുത്തോ ഒരേക്കർ സ്ഥലത്ത് മൾബറി കൃഷിയും പട്ടുനൂൽപ്പുഴു വളർത്തലും നടത്തുന്ന കർഷകർക്ക് വിവിധ ഘടകങ്ങളായി നിബന്ധനകൾക്ക് വിധേയമായി 3,73,750 രൂപ സഹായധനമായി നൽകുന്നത് സംബന്ധിച്ച് വിശദീകരിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനുമായാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

ഒക്ടോബർ 17 ന് രാവിലെ 10.30 ന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഹാളിലും അന്നേദിവസം ഉച്ചയ്ക്ക് 2.30 ന് നെന്മാറ ബ്ലോക്ക് പഞ്ചായത്ത് ഹാളിലും ഒക്ടോബർ 18 ന് രാവിലെ 10.30 ന് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിലും ഉച്ചയ്ക്ക് 2.30 ന് മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിലും ഒക്ടോബർ 19 ന് രാവിലെ 10.30ന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഹാളിലുമാണ് പരിശീലനമെന്ന് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ അറിയിച്ചു. ഫോൺ: 9447443561

# പന്തളം എഫ്പിഒയുടെ ആദ്യ ഉത്പന്നം വിപണിയിൽ

**പന്തളം:** എഫ്പിഒയുടെയും ഭാരതീയ പ്രകൃതി കൃഷി കാർഷിക മേളയുടെയും ഉദ്ഘാടനം തട്ടയിൽ എസ്കെവി യുപി സ്കൂളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ നിർവഹിച്ചു.

പന്തളം എഫ്പിഒയുടെ നിറവ് ബ്രാൻഡ് വെളിച്ചെണ്ണയുടെ ആദ്യ വില്പന കൃഷി ഡെപ്യൂട്ടി ഡയറക്ടർ ബി.ജെ. റെജി നിർവഹിച്ചു. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എസ്. രാജേന്ദ്രപ്രസാദ് അധ്യക്ഷത വഹിച്ചു.

ഭാരതീയപ്രകൃതി കൃഷി കാർഷികമേളയും പ്രദർശനവും കാർഷികസെമിനാറും നടന്നു.

ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.എം. മധു, ബ്ലോക്ക് പഞ്ചായത്തംഗം സന്തോഷ് കുമാർ, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് റാഹേൽ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.പി. വിദ്യാധരപ്പണിക്കർ, വാർഡ് അംഗങ്ങൾ, പന്തളം കൃഷി അസിസ്റ്റൻറ് ഡയറക്ടർ ആർ. ചന്ദന, പന്തളം എഫ്പിഒ പ്രസിഡൻറ് എം.കെ. ഗിരീഷ് തുടങ്ങിയവർ പ്രസംഗിച്ചു.

# ഫെഡറൽ ബാങ്കിന് 954 കോടി രൂപ അറ്റാദായം

**കൊച്ചി:** 2023 സെപ്റ്റംബർ 30 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ രണ്ടാംപാദത്തിൽ 35.54 ശതമാനം വർദ്ധനവോടെ ഫെഡറൽ ബാങ്ക് 953.82 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻ വർഷം ഇതേ പാദത്തിൽ 703.71 കോടി രൂപയായിരുന്നു അറ്റാദായം.കഴിഞ്ഞകാലങ്ങളിലായി ഞങ്ങൾ നടപ്പിലാക്കിയ പല നൂതന ആശയങ്ങളും മികച്ചരീതിയിൽ ഒത്തുചേർന്നതിന്റെ ഫലമായാണ് ചരിത്രത്തിലെ ഏറ്റവുമുയർന്ന പാദവാർഷിക അറ്റാദായത്തിലേക്ക് ഞങ്ങൾ എത്തിയതെന്ന് ബാങ്കിന്റെ എംഡിയും സി ഇ ഒയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു. സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ സമാഹരിക്കാൻ സാധിച്ച നിക്ഷേപം ബാങ്കിന്റെ ഭരണനിർവഹണ, സാമൂഹിക, പാരിസ്ഥിതിക മേഖലകളിലെ പ്രതിബദ്ധതയ്ക്ക് നിദർശനമാണ്. നിക്ഷേപകരോടുള്ള പ്രതിബദ്ധത സന്തോഷപൂർവം നടപ്പിലാക്കുന്നതിനോടൊപ്പം, തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ അനുസ്യൂതം വളർച്ച കൈവരിച്ച്, ഏറ്റവും ആദരണീയമായ ബാങ്ക് ആവുക എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും ശ്യാം ശ്രീനിവാസൻ കൂട്ടിച്ചേർത്തു.

FEDERAL BANK
YOUR PERFECT BANKING PARTNER

പ്രവർത്തനലാഭത്തിലും ബാങ്കിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. 9.26 ശതമാനം വർധനവോടെ പ്രവർത്തനലാഭം 1324.45 കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിൽ 1212.24 കോടി രൂപയായിരുന്നു പ്രവർത്തനലാഭം. ബാങ്കിന്റെ മൊത്തം ബിസിനസ് 21.49 ശതമാനം വർധിച്ച് 425685.12 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 189145.71 കോടി രൂപയായിരുന്ന നിക്ഷേപം 232868.43 കോടി രൂപയായി വർധിച്ചു.വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 161240.32 കോടി രൂപയിൽ നിന്ന് 192816.69 കോടി രൂപയായി വർധിച്ചു. റീട്ടെയൽ വായ്പകൾ 18.05 ശതമാനം വർധിച്ച് 62009 കോടി രൂപയായി. കാർഷിക വായ്പകൾ 23.56 ശതമാനം വർധിച്ച് 25115കോടി രൂപയിലും വാണിജ്യ ബാങ്കിങ് വായ്പകൾ 23.82 ശതമാനം വർധിച്ച് 19729 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 14.91 ശതമാനം വർധിച്ച് 68058.63 കോടി രൂപയിലുമെത്തി. അറ്റപലിശ വരുമാനം 16.72 ശതമാനം വർധനയോടെ 2056.42 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 1761.83 കോടി രൂപയായിരുന്നു.4436.05 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 2.26 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1229.81 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.64 ശതമാനമാണിത്. 71.03 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 26032.07 കോടി രൂപയായി വർധിച്ചു. 15.50 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1389 ശാഖകളും 1935 എടിഎമ്മുകളുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ആംവേയുടെ പുതിയ ഹെൽത്ത് സപ്ലിമെന്റ് ന്യൂട്രിലൈറ്റ് ഡെയ്‌ലി പ്ലസ് വിപണിയിൽ




**കൊച്ചി:** ആംവേ ഇന്ത്യ പുതിയ മൾട്ടിവിറ്റമിൻ, മൾട്ടിമിനറൽ ഹെൽത്ത് സപ്ലിമെന്റായ ന്യൂട്രിലൈറ്റ് ഡെയ്‌ലി പ്ലസ് വിപണിയിലിറക്കി. 24 അവശ്യ വിറ്റാമിനുകൾക്കും ധാതുക്കൾക്കും പുറമെ മാനസിക സമ്മർദ്ദ ലഘൂകരണ ശേഷിയുള്ള ഗോട്ടുകോല ഉൾപ്പെടെ ഉയർന്ന അളവിൽ സസ്യസത്തും അടങ്ങിയതാണ് ന്യൂട്രിലൈറ്റ് ഡെയ്‌ലി പ്ലസ് എന്ന് ആംവേ ഇന്ത്യ സിഎംഒ അജയ് ഖന്ന പറഞ്ഞു.

അന്താരാഷ്ട്ര അംഗീകാരമുള്ള എൻഎസ്എഫ് ഗുണമേന്മ സർട്ടിഫിക്കേഷൻ ഉത്പന്നത്തിനു ലഭിച്ചിച്ചിട്ടുണ്ട്.തിരക്കേറിയ ജീവിതശൈലി, ജോലി സമ്മർദ്ദം, പരിമിതമായ വ്യായാമം എന്നിവ മാനസിക സമ്മർദത്തിന് ഇടയാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ശാരീരിക പോഷണത്തിനു പുറമെ സ്ട്രെസ് മാനേജ്മെന്റിനുള്ള ഘടകങ്ങളും ഉൾച്ചേർത്തു നിർമ്മിച്ചതാണ് ന്യൂട്രിലൈറ്റ് ഡെയ്‌ലി പ്ലസെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലുടനീളമുള്ള ആംവേ ഡയറക്ട് സെല്ലിംഗ് പാർട്ണർമാർ മുഖേന ലഭ്യമാകുന്ന ന്യൂട്രിലൈറ്റ് ഡെയ്‌ലി പ്ലസിന്റെ 30 ടാബ്‌ലെറ്റുകളുടെ പായ്ക്കിനു 849 രൂപയും 120 ടാബ്‌ലെറ്റുകളുടെ പായ്ക്കിനു 2796 രൂപയുമാണ് വില.

# ഹോണ്ട പുതിയ 2023 സിബി300ആർ പുറത്തിറക്കി

**കൊച്ചി:** ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഒബിഡി2എ മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ പ്രീമിയം ബിഗ്‌വിങ് മോട്ടോർസൈക്കിൾ 2023 സിബി300ആർ പുറത്തിറക്കി.

ഉപഭോക്താക്കൾക്ക് അടുത്തുള്ള ബിഗ്‌വിങ് ഡീലർഷിപ്പുകളിൽ നിന്ന് പുതിയ 2023 ഹോണ്ട സിബി300ആർ ബുക്ക് ചെയ്യാമെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു.2,40,000 രൂപയാണ് ഡൽഹി എക്സ്ഷോറൂം വില. സിബി1000ആറിന്റെ ഐക്കണിക് റെട്രോതീമിൽ പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ സിബി300ആറിന്റെ രൂപകൽപന. നിയോ സ്പോർട്സ് കഫേ ഡിഎൻഎയെ അടിസ്ഥാനമാക്കിയുള്ള മസ്കുലർ ഫ്യുവൽ ടാങ്കും അപ്സ്വെപ്റ്റ് എക്സ്ഹോസ്റ്റും രൂപഭംഗി കൂട്ടുന്നു.



ഓൾ എൽഇഡി ലൈറ്റിങ് സിസ്റ്റം (റൗണ്ട് എൽഇഡി ഹെഡ്‌ലാമ്പ്, എൽഇഡി വിങ്കേഴ്സ്, എൽഇഡി ടെയിൽ ലാമ്പ്) എന്നിവയും പുതിയ മോഡലിലുണ്ട്. 146 കിലോഗ്രാം ഭാരം മാത്രമാണ് സിബി300ആറിന്, ഈ വിഭാഗത്തിലെ ഏറ്റവും ഭാരം കുറഞ്ഞ മോട്ടോർസൈക്കിൾ കൂടിയാണിത്. 41മി.മീ യുഎസ്ഡി ഫ്രണ്ട് ഫോർക്ക്സ്, ക്രമീകരിക്കാവുന്ന മോണോഷോക്ക് അബ്സോർബർ, ഡ്യുവൽചാനൽ എബിഎസ്, സമ്പൂർണ ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, എമർജൻസി സ്റ്റോപ്പ് സിഗ്നൽ, ഹസാർഡ് ലൈറ്റ് സ്വിച്ച് എന്നീ ഫീച്ചറുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശക്തമായ 286.01സിസി, 4 സ്ട്രോക്ക്, സിംഗിൾ സിലിണ്ടർ ബിഎസ്6 ഒബിഡി2എ അനുസൃതമായ പിജിഎം-എഫ്ഐ എഞ്ചിനാണ് 2023 സിബി300ആറിന്റെ കരുത്ത്. മികച്ച പ്രകടനത്തിനായി 6 സ്പീഡ് ഗിയർബോക്സും, കൂടുതൽ സുരക്ഷക്കായി അസിസ്റ്റ് സ്ലിപ്പർ ക്ലച്ചുമുണ്ട്. പേൾ സ്പാർട്ടൻ റെഡ്, മാറ്റ് മാസിവ് ഗ്രേ മെറ്റാലിക് നിറങ്ങളിൽ വരുന്ന പുതിയ മോഡൽ, കമ്പനിയുടെ പ്രീമിയം ബിഗ്‌വിങ് ഡീലർഷിപ്പുകൾ വഴി വിൽപനക്ക് ലഭ്യമാക്കും. ഒബിഡി2എ മാനദണ്ഡങ്ങൾ പാലിക്കുന്ന എഞ്ചിനുമായി 2023 സിബി300ആർ ഇന്ത്യയിൽ അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് ഏറെ അഭിമാനമുണ്ടെന്നും സുത്സുമു ഒട്ടാനി പറഞ്ഞു. പുതിയ 2023 സിബി300ആർ പുതിയ ഉപഭോക്താക്കളെ ആകർഷിക്കുമെന്നും അവരുടെ റൈഡിങ് അനുഭവം പുനർനിർവചിക്കുമെന്നും തങ്ങൾക്ക് ഉറപ്പുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ, സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

